ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.10.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) 21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും.

PM Modi to visit Laos tomorrow to attend 21st ASEAN-India summit.

2) ഹരിയാനയിൽ 48 സീറ്റുകളിൽ വിജയിച്ച BJP തുടർച്ചയായ മൂന്നാം തവണയും അധികാരത്തിലേക്ക്; ജമ്മു കാശ്മീരിൽ നാഷണൽ കോൺഫറൻസ് - കോൺഗ്രസ് സഖ്യം 48 സീറ്റുകളുമായി ഭൂരിപക്ഷം ഉറപ്പിച്ചു.

BJP retains Haryana for third consecutive term, winning 48 seats; National Conference - Congress Alliance secures majority with 48 seats in Jammu and Kashmir.

3) കേരള നിയമസഭ സമ്മേളനം ഇന്നും തുടരും; 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' സംബന്ധിച്ച പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സഭയിൽ അവതരിപ്പിക്കും.

Kerala Assembly session will continue today; Chief Minister Pinarayi Vijayan will present the resolution on 'One Nation One Election' in Assembly today.

4) കണ്ണുകളെ ബാധിക്കുന്ന അണുബാധയായ ട്രക്കോമ രോഗത്തെ ഇന്ത്യ അതിജീവിച്ചതായി പ്രഖ്യാപിച്ച് ലോകാരോഗ്യ സംഘടന.

WHO declares that India has eliminated Trachoma as a public health problem.

5) ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതകൾ സെമിഫൈനലിൽ ; വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ത്യ ഇന്ന് ശ്രീലങ്കയെ നേരിടും.

Indian Women reach Semifinals of Asian Table Tennis Championship; India will face Sri Lanka in the Women's T20 World Cup today.

==========================

## PM – ASEAN

21-ാമത് ആസിയാൻ - ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ലാവോസിലെത്തും. ഇന്ത്യ ആസിയാൻ ബന്ധത്തിലെ പുരോഗതി, ഭാവി സഹകരണം എന്നിവ ഉച്ചകോടി വിലയിരുത്തും. പ്രാദേശിക പ്രശ്നങ്ങൾ സംബന്ധിച്ചും അംഗരാജ്യങ്ങൾ ചർച്ചകൾ നടത്തും. ഇന്ത്യയുടെ കിഴക്കൻ നയത്തിലും സാഗർ കാഴ്ചപ്പാടുകളിലും ആസിയാൻ അംഗരാജ്യങ്ങൾക്ക് നിർണായക സ്ഥാനമാണ് ഉള്ളത്.

==========================

## COUNTING HARYANA

ഹരിയാനയിലെ നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പൂർത്തിയായപ്പോൾ 90 അംഗ നിയമസഭയിൽ ഭൂരിപക്ഷം മറികടന്ന BJP തുടർച്ചയായ മൂന്നാം തവണയും അധികാരത്തിലേക്ക്. ബിജെപി 48 സീറ്റുകളിലും കോൺഗ്രസ് 37 സീറ്റുകളിലും വിജയിച്ചു. ഇന്ത്യൻ നാഷണൽ ലോക്ദൾ, INLD രണ്ട് സീറ്റുകൾ നേടി, മൂന്ന് സ്വതന്ത്ര സ്ഥാനാർത്ഥികളും വിജയിച്ചു. ബിജെപി നേതാവും മുഖ്യമന്ത്രിയുമായ നയാബ് സിംഗ് സൈനി 16,000 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് ലഡ്വ സീറ്റിൽ വിജയിച്ചത്. മുൻ മന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ

അനിൽ വിജ് അംബാലയിൽ സ്വതന്ത്ര സ്ഥാനാർത്ഥിയെ പരാജയപ്പെടുത്തി. മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ഭൂപീന്ദർ സിംഗ് ഹൂഡ 71,000 വോട്ടുകൾക്ക് വിജയിച്ചു. ജുലാന മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയും ഗുസ്തി താരവുമായ വിനേഷ് ഫോഗട്ട് വിജയിച്ചു.

==========================

## COUNTING JAMMU KASHMIR

ജമ്മു കശ്മീരിലെ, 90 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ 48 സീറ്റുകളുമായി സർക്കാർ രൂപീകരണത്തിന് ഒരുങ്ങി നാഷണൽ കോൺഫറൻസ് - കോൺഗ്രസ് സഖ്യം. നാഷണൽ കോൺഫറൻസ് 42 സീറ്റുകൾ നേടിയപ്പോൾ സഖ്യകക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആറ് സീറ്റുകൾ നേടി. ബിജെപി 29 സീറ്റുകളിൽ വിജയിച്ചു. പിഡിപി മൂന്ന് സീറ്റുകളും ജമ്മു കശ്മീർ പീപ്പിൾസ് കോൺഫറൻസ്, CPIM, ആം ആദ്മി പാർട്ടി എന്നിവർ ഓരോ സീറ്റും നേടി. ഏഴ് സീറ്റിൽ സ്വതന്ത്രർ വിജയിച്ചു. മുൻ മുഖ്യമന്ത്രിയും നാഷണൽ കോൺഫറൻസ് നേതാവുമായ ഒമർ അബ്ദുള്ള ബുദ്ഗാം, ഗന്ദർബാൽ മണ്ഡലങ്ങളിൽ ജയം നേടി. അനന്ത്നാഗിൽ കോൺഗ്രസിൻ്റെ പീർസാദ മുഹമ്മദ് സെയ്ദും, അനന്ത്നാഗ് വെസ്റ്റിൽ നാഷണൽ കോൺഫറൻസിൻ്റെ അബ്ദുൾ മജീദ് ഭട്ടും വിജയിച്ചു. അതേസമയം, പിഡിപി നേതാവും മെഹബൂബ മുഫ്തിയുടെ മകളുമായ ഇൽതിജ മുഫ്തി ബിജ്ബെഹാരയിൽ പരാജയപ്പെട്ടു.

==========================

## PM- BJP HQ

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പിൽ തുടർച്ചയായ മൂന്നാം തവണയും ബിജെപി മികച്ച വിജയം നേടിയെന്ന് പാർട്ടിയുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ബിജെപി ആസ്ഥാനത്ത് പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പതിറ്റാണ്ടിന് ശേഷം ജമ്മു കശ്മീരിൽ സമാധാനപരമായ നിയമസഭാ തിരഞ്ഞെടുപ്പ് നടന്നതായി ശ്രീ മോദി അഭിപ്രായപ്പെട്ടു. ജമ്മു കശ്മീരിൽ വോട്ട് വിഹിതത്തിൻ്റെ കാര്യത്തിൽ ബിജെപി ഏറ്റവും

വലിയ കക്ഷിയായെന്നും അദ്ദേഹം പറഞ്ഞു. ഹരിയാനയിലെയും ജമ്മു കശ്മീരിലെയും ജനങ്ങളെ ശ്രീ മോദി അഭിനന്ദിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ജനങ്ങൾ അർപ്പിച്ച വിശ്വാസത്തിന്റെ തെളിവാണ് ഹരിയാനയിലെ വിജയമെന്ന് ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി നഡ്ഡ അഭിപ്രായപ്പെട്ടു.

==========================

## EC - JAIRAM RAMESH

ഹരിയാന നിയമസഭാ തെരഞ്ഞെടുപ്പിൻ്റെ വോട്ടെണ്ണൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുത്തിയെന്ന കോൺഗ്രസ് നേതാവ് ജയറാം രമേശിൻ്റെ ആരോപണം അടിസ്ഥാനരഹിതമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ. മണ്ഡലങ്ങളിലുടനീളമുള്ള എല്ലാ 25 റൗണ്ടുകളുടെയും വിവരങ്ങൾ ഓരോ അഞ്ച് മിനിറ്റിലും തിരഞ്ഞെടുപ്പ് കമ്മീഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതായും തിരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.

==========================

## J-K FAROOQ&K FAROOQ

ജമ്മു കശ്മീരിൽ നാഷണൽ കോൺഫറൻസ് അധ്യക്ഷൻ ഫാറൂഖ് അബ്ദുള്ള തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്ത ജനങ്ങൾക്ക് നന്ദി അറിയിച്ചു. തൊഴിലില്ലായ്മ അവസാനിപ്പിക്കുക വിലക്കയറ്റം, മയക്കുമരുന്ന് ഭീഷണി തുടങ്ങിയവ ഇല്ലാതാക്കുക തുടങ്ങിയവക്ക് നാഷണൽ കോൺഫറൻസ് സർക്കാർ മുൻഗണന നൽകുമെന്ന് അദ്ദേഹം പറഞ്ഞു. അടുത്ത ദിവസങ്ങളിൽ സഖ്യകക്ഷിയുമായി ചർച്ച നടത്തി ഭാവി നടപടി തീരുമാനിക്കുമെന്ന് പാർട്ടി ഉപാധ്യക്ഷൻ ഒമർ അബ്ദുള്ള അറിയിച്ചു.

==========================

## NATIONAL FILM AWARD (INTRO)

2022ലെ ദേശീയ ചലചിത്ര പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമ്മു ന്യൂഡൽഹിയിൽ സമ്മാനിച്ചു. ലോകത്തെ ഏറ്റവും വലിയ സിനിമാ മേഖലകളിൽ ഒന്നാണ് ഇന്ത്യൻ ചലച്ചിത്ര മേഖലയെന്ന് രാഷ്ട്രപതി പറഞ്ഞു. നടൻ മിഥുൻ ചക്രവർത്തിക്ക് ദാദാസാഹിബ് ഫാൽകെ പുരസ്ക്കാരം സമ്മാനിച്ചു. ഋഷഭ് ഷെട്ടി, നിത്യ മേനൻ,

മാനസി പരേഖ് തുടങ്ങിയവരും പുരസ്കാരം ഏറ്റുവാങ്ങി. കേന്ദ്ര മന്ത്രി അശ്വനി വൈഷ്ണവ്, സഹമന്ത്രി എൽ മുരുകൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ഡിജിറ്റൽ ഇന്ത്യ സംരംഭത്തിലൂടെ ഈ രംഗത്ത് നിരവധി സാധ്യതകളാണ് തുറന്നതെന്ന് ശ്രീ അശ്വനി വൈഷ്ണവ് പറഞ്ഞു.

( വോയിസ് )

=========================

## SITHARAMAN-BANKS PRUDENCE

ബാങ്കുകളുടെ കാര്യക്ഷമമായ പ്രവർത്തനം രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥയെയും ഓരോ കുടുംബങ്ങളുടേയും സാമ്പത്തിക സ്ഥിരതയെയും നേരിട്ട് സ്വാധീനിക്കുമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ബാങ്കുകൾ വായ്പ നൽകുന്നതിൽ വിവേകം പാലിക്കണമെന്നും വീഴ്ചകൾ മുൻകൂട്ടി കാണണമെന്നും മുംബൈയിൽ നടന്ന ഒരു പരിപാടിയിൽ കേന്ദ്രമന്ത്രി വ്യക്തമാക്കി. സൈബർ ഭീഷണികളിൽ നിന്നും ബാങ്കിങ് മേഖലയെ പരിരക്ഷിക്കുന്നതിന് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തണമെന്നും ധനമന്ത്രി പറഞ്ഞു.

=========================

## NIYAMA SABHA

പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ കേരള നിയമസഭ ഇന്ന് പരിഗണിക്കും. ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ് പരിഷ്കരണ നടപടിയിൽ നിന്നും പിന്തിരിയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സഭയിൽ അവതരിപ്പിക്കും. മുൻഗണനാ റേഷൻ കാർഡുകളുടെ മസ്റ്ററിങ്ങിനുള്ള സമയപരിധി ദീർഘിപ്പിക്കുക, നാലു വർഷ ഡിഗ്രി കോഴ്സ് എന്നിവയിൽ സഭയുടെ ശ്രദ്ധ ക്ഷണിക്കും. ***കേരള റദ്ദാക്കലും, ഒഴിവാക്കലും ബിൽ 2024*** ഉം ഇന്ന് നിയമസഭ പരിഗണിക്കും.

=========================

## ASSEMBLY

എ ഡി ജി പി, എം ആർ അജിത് കുമാറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയം നിയമസഭ ഇന്നലെ ചർച്ച ചെയ്തു. എ ഡി ജി പി - ആർ എസ്

എസ് നേതാവുമായി കൂടിക്കാഴ്ച നടത്തിയ സംഭവത്തിൽ 16 മാസത്തിന് ശേഷമാണ് അന്വേഷണത്തിന് സർക്കാർ തയ്യാറായതെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. എ ഡി ജി പിക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും ഉചിതമായ നടപടി സ്വീകരിച്ചതായി മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എം ബി രാജേഷ് പറഞ്ഞു. എന്നാൽ പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോയി. ചർച്ചക്കൊടുവിൽ പ്രമേയം തള്ളിയതായി സ്പീക്കർ അറിയിച്ചു.

==========================

## KSRTC Accident

കോഴിക്കോട് തിരുവമ്പാടിയിൽ കെ എസ് ആർ ടി സി ബസ് താഴ്ചയിലേക്ക് മറിഞ്ഞ് യാത്രക്കാർ മരിച്ച സംഭവത്തിൽ അടിയന്തരമായി അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് മന്ത്രി ഗണേഷ് കുമാർ, കെ എസ് ആർ ടി സി ചെയർമാന് നിർദേശം നൽകി. അപകടത്തിൽ 25 ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട്. ആനക്കാംപൊയിൽ സ്വദേശികളായ ത്രേസ്യാമ്മ, കമല എന്നിവരാണ് മരിച്ചത്. സംഭവത്തിൽ മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് പോലീസ് സംയുക്ത അന്വേഷണം നടത്തും.

==========================

## WHO-INDIA TRACHOMA

കണ്ണുകളെ ബാധിക്കുന്ന ബാക്റ്റീരിയൽ അണുബാധയായ ട്രക്കോമയെ ഇന്ത്യ അതിജീവിച്ചതായി ലോകാരോഗ്യ സംഘടന. ഇതോടെ തെക്കുകിഴക്കൻ ഏഷ്യൻ മേഖലയിൽ ഈ നേട്ടം കൈവരിക്കുന്ന മൂന്നാമത്തെ രാജ്യമായി ഇന്ത്യ മാറി. കഴിഞ്ഞ ദിവസം ന്യൂഡൽഹിയിൽ നടന്ന റീജിയണൽ കമ്മിറ്റി യോഗത്തിലാണ് ലോകാരോഗ്യ സംഘടന ഇന്ത്യ ട്രക്കോമ മുക്തമായതായി പ്രഖ്യാപിച്ചത്. അന്ധതക്ക് കാരണമാകുന്ന പകർച്ചവ്യാധിയായ ഈ രോഗം അണുബാധയുള്ള രോഗികളുടെ സ്രവങ്ങൾ വഴിയാണ് പടരുന്നത്.

==========================

## UN CHIEF-WARNS (INTRO)

ഇസ്രായേലി നഗരമായ ഹൈഫയിൽ ഹിസ്ബുള്ള ശക്തമായ റോക്കറ്റ് ആക്രമണം നടത്തിയതോടെ പശ്ചിമേഷ്യൻ സംഘർഷം രൂക്ഷമായി. അതേസമയം, മേഖലയിൽ ഐക്യരാഷ്ട്ര സഭയുടെ പലസ്തീൻ അഭയാർഥി പ്രവർത്തക സംഘത്തിന്റെ നിർണായക പങ്കിനെ യു എൻ സെക്രട്ടറി ജനറൽ അൻ്റോണിയോ ഗുട്ടെറസ്, അഭിനന്ദിച്ചു. സമാധാന സേനകളെ അയച്ച എല്ലാ രാജ്യങ്ങൾക്കും അദ്ദേഹം നന്ദി അറിയിച്ചു.
(ഹോൾഡ് വോയ്സ്)

==========================

**Table Tennis**

കസാക്കിസ്ഥാനിൽ നടക്കുന്ന ഏഷ്യൻ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ വനിതാ ടീം ഇനത്തിൽ ദക്ഷിണ കൊറിയയെ തോൽപ്പിച്ച് ഇന്ത്യ സെമിഫൈനലിലേക്ക് മുന്നേറി. ഇതോടെ ഇന്ത്യൻ ടീം ചാമ്പ്യൻഷിപ്പിലെ തങ്ങളുടെ ആദ്യ മെഡൽ ഉറപ്പിച്ചു.

==========================

**ICC Womens T-20 Cricket**

ഐസിസി വനിതാ ട്വൻറി-20 ലോകകപ്പിൽ ഇന്ന് വൈകിട്ട് നടക്കുന്ന ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയും സ്കോട് ലാൻഡും ഏറ്റുമുട്ടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. രാത്രി 0730 ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും. ഇന്നലെ ഷാർജയിൽ നടന്ന മത്സരത്തിൽ ന്യൂസിലന്റിനെതിരെ ഓസ്ട്രേലിയ 60 റൺസിന് വിജയിച്ചു.

==========================

============

=========